വാഴകൃഷി നാശം

206 [222] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്ത്, പേളന്നൂർ പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിൽ 1986 വർഷത്തിൽ ശക്തിയായ കാറ്റുമൂലം വാഴക്കൃഷി നശിച്ചുപോയകാര്യം സർക്കാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലത്ത് എത്ര വാഴകൾ നശിച്ചുപോയതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആകെ എത്രരൂപയുടെ നഷ്ടംവന്നതായി കണക്കാക്കാം;

(ഡി) കൃഷി നാശം വന്നവർക്ക് ആശ്വാസനടപടികളായി എന്തൊക്കെസഹായം അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഇ) സഹായധനം നൽകിയിട്ടില്ലെങ്കിൽ നൽകുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 2.5 ഹെക്ടർ സ്ഥലത്തെ 5695 വാഴകൾ നശിച്ചുപോയതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 2.85 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി & ഇ) ആശ്വാസനടപടികൾ സ്വീകരിച്ചുവരുന്നു.

വാഴകൃഷിക്കാർക്ക് നഷ്ടപരിഹാരം

207 [223] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ അടുത്തയിടെ ഉണ്ടായ കൊടുങ്കാറ്റുകാരണം വാഴ നഷ്ടപ്പെട്ട വാഴക്കൃഷിക്കാർ നഷ്ടപരിഹാരത്തിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച കർഷകരുടെ കൃഷിസ്ഥലങ്ങൾ കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ സന്ദർശിച്ച് നാശനഷ്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കി ഓരോ കർഷകനും നൽകേണ്ട സഹായധനത്തെപ്പറ്റി തീരുമാനമെടുത്തിട്ടുണ്ട്. ടി തുക വിതരണം നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

നെൽക്കൃഷിക്കാർക്ക് നഷ്ടപരിഹാരം

208 [224] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം ഇടവപ്പാതി സമയത്തുപെയ്യാത്തതുകാരണം നെൽക്കൃഷിക്കാർക്കുണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാരമായി സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ ;

(ബി) നഷ്ടം തിട്ടപ്പെടുത്താൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരെ ;

(ഡി) ഇല്ലെങ്കിൽ നഷ്ടം തിട്ടപ്പെടുത്തി സഹായം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മഴയില്ലാത്തതുകാരണം നെൽക്കൃഷിക്കാർക്ക് വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടുകളില്ല.

(ബി, സി) നാശനഷ്ടങ്ങൾ ഉണ്ടാകുമ്പോൾ അവ അതാതിടത്തെ കൃഷിവകുപ്പുദ്യോഗസ്ഥൻമാരാണ് തിട്ടപ്പെടുത്താറുള്ളത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നേമം നിയോജകമണ്ഡലത്തിലെ നെൽക്കൃഷിക്കാർക്ക് നഷ്ടപരിഹാരം

209 [225] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ വരൾച്ച കാരണവും കാറ്റുവീഴ്ചയിലും നശിച്ച് കൃഷിപ്പിഴ സംഭവിച്ച നെൽകൃഷിക്കാർക്ക് നഷ്ടപരിഹാരത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളവിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചുവോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് കൃഷിനാശം തിട്ടപ്പെടുത്തി, ഓരോ കൃഷിക്കാർക്കും നൽകേണ്ട സഹായധനത്തെപ്പറ്റി തീരുമാനമെടുത്തിട്ടുണ്ട്. സഹായധനം കഴിയുന്നതും വേഗം നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly